## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*119 12.03.2015 -ലെ മറുപടിയ്ക്ക്

# ബി.എഡ്. സീറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ . ബി. സത്യൻ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ/എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിലെ ബി. എഡ്. സീറ്റുകളിൽ കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br>സംസ്ഥാനത്തെ എല്ലാ സർക്കാർ / എയ്ഡഡ് ട്രെയിനിങ് കോളേജുകളിലും 2015-16 അദ്ധ്യയന വർഷം മുതൽ ബി.എഡ് കോഴ്സുകൾക്ക് അൻപത് സീറ്റുകൾ വിതമാക്കി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ കുറവ് വരുത്താനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ ബി.എഡ്. കോഴ്സുകൾക്ക് അംഗീകാരം നൽകുന്നത് കേന്ദ്ര ഏജൻസിയായ നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷനാണ്. പ്രസ്തുത ഏജൻസി അതിന്റെ നോംസ് & റെഗുലേഷൻസ് 2014 മുതൽ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി. പരിഷ്കരിച്ച നിബന്ധനകൾ പ്രകാരം ബി.എഡ്. കോഴ്സിന്റെ കാലദൈർഘ്യം 2 വർഷമാക്കി ഉയർത്തുകയുണ്ടായി. പ്രസ്തുത കോഴ്സിന്റെ ഓരോ യൂണിറ്റിനും 50 സീറ്റുകൾ വീതമേ പാടുള്ളുവെന്നും ഒരു കോളേജിൽ ഇത്തരത്തിലുള്ള പരമാവധി 2 യൂണിറ്റുകളേ അനുവദിക്കാൻ പാടുള്ളുവെന്നും നിഷ്കർഷിക്കുകയുണ്ടായി. 2 യൂണിറ്റുകൾ വീതം ബി.എഡ്. കോഴ്സ് നടത്തുന്നതിന് 16 അദ്ധ്യാപക തസ്തികകൾ ആവശ്യമാണെന്നതാണ് പുതുക്കിയ നിബന്ധന. എന്നാൽ 1 യൂണിറ്റ് കോഴ്സ് (50 സീറ്റ്) വീതമുള്ള 2 വർഷ ബി.എഡ്. കോഴ്സ് നടത്തുന്നതിന് 8 അദ്ധ്യാപക തസ്തികകൾ മതിയാകും. |

| | | | |
|---|---|---|---|
| | | | കേരളത്തിലെ സർക്കാർ / എയ്ഡഡ് ട്രെയിനിങ് കോളേജുകളിൽ മിക്കവയിലും നിലവിൽ 2 യൂണിറ്റ് (പ്രതി വർഷം 100 സീറ്റ്) നടത്തുന്നതിനാവശ്യമായ 16 അദ്ധ്യാപക തസ്തികകൾ ലഭ്യമല്ല . 2 യൂണിറ്റുകൾ അനുവദിക്കണമെങ്കിൽ മിക്ക ട്രെയിനിങ് കോളേജുകളിലും കൂടുതൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ടതായി വരും. ഇത് സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കുമെന്നതിനാൽ നിലവിലുള്ള അദ്ധ്യാപക തസ്തികകൾ വച്ച് നടത്തിക്കത്തക്ക വിധത്തിൽ നിലവിലുള്ള ഓപ്ഷണൽ സബ്ജറ്റുകൾ എല്ലാം നില നിർത്തിക്കൊണ്ട് ഓരോ കോളേജിലും ഓരോ യൂണിറ്റ് (50 സീറ്റ്) വീതം നടത്തുന്നതിനും അതു സംബന്ധിച്ച് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ നിർദ്ദേശിച്ച പ്രകാരമുള്ള സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനും സർക്കാർ / എയ്ഡഡ് കോളേജ് പ്രിൻസിപ്പൽ മാർക്ക് അനുവാദം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്തുകൊണ്ടാണ് നിലവിലുള്ള അദ്ധ്യാപകരെ കൊണ്ട് കോഴ്സ് നടത്തിക്കുവാൻ കഴിയുന്ന വിധത്തിൽ (50 സീറ്റ്) എന്ന തീരുമാനമെടുത്തത്. |
| (സി) | ഇതുമൂലം വിദ്യാർത്ഥികൾക്ക് ബി.എഡ്. പ്രവേശനത്തിനുള്ള അവസരം കുറയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | നിലവിലെ 1 വർഷ ദൈർഘ്യമുള്ള ബി.എഡ്. കോഴ്സിന് പോലും സർക്കാർ / എയ്ഡഡ് ട്രെയിനിങ് കോളേജുകളിൽ അവസാന അലോട്ട്മെന്റ് കഴിഞ്ഞാലും സീറ്റുകൾ ഒഴിഞ്ഞ്കിടക്കുന്നുണ്ട്. 2014-15 അദ്ധ്യയന വർഷത്തിൽ 2 റഗുലർ അലോട്ട്മെന്റുകളും ഒരു കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റും എസ്.സി., എസ് റ്റി വിദ്യാർത്ഥികൾക്കുള്ള ഒരു സ്പെഷ്യൽ അലോട്ട്മെന്റും പൊതുവായ ഒരു സ്പോട്ട് അലോട്ട്മെന്റും നടത്തിയ ശേഷവും |
| (ഡി) | സ്വാശ്രയ ബി.എഡ്. കോളേജുകൾക്ക് വൻ നേട്ടം ഉണ്ടാക്കുന്നതിനും അവർക്ക് വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്നതിനും ഈ തീരുമാനം ഇടവരുത്തുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ? | | |

| | | | |
|---|---|---|---|
| | | | സർക്കാർ / എയ്ഡഡ് ട്രെയിനിങ് കോളേജുകളിൽ 150 ഉം സ്വാശ്രയ ട്രെയിനിങ് കോളേജുകളിൽ 3000 ൽ അധികവും സീറ്റുകൾ ഒഴിഞ്ഞ്കിടന്നു. ആയതിനാൽ നിലവിൽ സീറ്റുകളുടെ എണ്ണത്തിലുണ്ടായ കുറവ് വിദ്യാർത്ഥികളുടെ അവസരം നഷ്ടപ്പെടുത്തുവാൻ സാദ്ധ്യതയില്ല. ആയതിനാൽ ഈ തീരുമാനം സ്വാശ്രയ ബി.എഡ്. കോളേജുകൾക്ക് വിദ്യർത്ഥികളെ കൂടുതൽ ചൂഷണം ചെയ്യാൻ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**

# വിശദീകരണകുറിപ്പ്

സംസ്ഥാനത്തെ ബി.എഡ്. കോഴ്സുകൾക്ക് അംഗീകാരം നൽകുന്നത് കേന്ദ്ര ഏജൻസിയായ നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷനാണ്. പ്രസ്തുത ഏജൻസി അതിന്റെ നോംസ് & റെഗുലേഷൻസ് 2014 മുതൽ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി. പരിഷ്കരിച്ച നിബന്ധനകൾ പ്രകാരം ബി.എഡ്. കോഴ്സിന്റെ കാലദൈർഘ്യം 2 വർഷമാക്കി ഉയർത്തുകയുണ്ടായി. പ്രസ്തുത കോഴ്സിന്റെ ഓരോ യൂണിറ്റിനും 50 സീറ്റുകൾ വീതമേ പാടുള്ളു വെന്നും ഒരു കോളേജിൽ ഇത്തരത്തിലുള്ള പരമാവധി 2 യൂണിറ്റുകളെ അനുവദിക്കാൻ പാടുള്ളുവെന്നും നിഷ്കർഷിക്കുകയുണ്ടായി. പ്രതിവർഷം 2 യൂണിറ്റുകൾ (100 സീറ്റുകൾ) വീതം ബി.എഡ്. കോഴ്സ് നടത്തുന്നതിന് പുതുക്കിയ നിബന്ധന പ്രകാരം 16 അദ്ധ്യാപക തസ്തികകൾ ആവശ്യമാണ്. എന്നാൽ 1 യൂണിറ്റ് കോഴ്സ് (50 സീറ്റ്) വീതമുള്ള 2 വർഷ ബി.എഡ്. കോഴ്സ് നടത്തുന്നതിന് 8 അദ്ധ്യാപക തസ്തികകൾ മതിയാകും. കേരളത്തിലെ സർക്കാർ / എയ്ഡഡ് ട്രെയിനിങ് കോളേജുകളിൽ മിക്കവയിലും നിലവിൽ 2 യൂണിറ്റ് (പ്രതി വർഷം 100 സീറ്റ്) നടത്തുന്നതിനാവശ്യമായ 16 അദ്ധ്യാപക തസ്തികകൾ ലഭ്യമല്ല. പ്രതിവർഷം 2 ബി.എഡ് യൂണിറ്റുകൾ അനുവദിക്കണമെങ്കിൽ മിക്ക ട്രെയിനിങ് കോളേജുകളിലും കൂടുതൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ടതായി വരും. ഇത് സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കുമെന്നതിനാൽ നിലവിലുള്ള അദ്ധ്യാപക തസ്തികകൾ വച്ച് കോഴ്സുകൾ നടത്തിക്കത്തക്ക വിധത്തിൽ, നിലവിലുള്ള ഓപ്ഷണൽ സബ്ജറ്റുകൾ നില നിർത്തിക്കൊണ്ട് ഓരോ കോളേജിലും ഓരോ യൂണിറ്റ് (50 സീറ്റ്) വീതം ബി.എഡ്. കോഴ്സ് നടത്തുന്നതിന് GO(MS)No.22/2015/H.Edn. Dated 28.01.2015 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2 വർഷ ദൈർഘ്യമുള്ള ബി.എഡ്. കോഴ്സുകളുടെ നടത്തിപ്പ് സംബന്ധിച്ച് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ നിർദ്ദേശിച്ച പ്രകാരമുള്ള സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിന് സർക്കാർ / എയ്ഡഡ് ട്രൈനിംഗ് കോളേജ് പ്രിൻസിപ്പൽ മാർക്ക് അനുവാദം നൽകിയിട്ടുണ്ട്. അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്തുകൊണ്ടാണ് നിലവിലുള്ള അദ്ധ്യാപകരെ കൊണ്ട് കോഴ്സ് നടത്തിക്കുവാൻ കഴിയുന്ന വിധത്തിൽ ഒരോ കോളേജിലും ഒരോ ബി.എഡ് യൂണിറ്റ് (50 സീറ്റ്) നടത്താൻ സർക്കാർ തീരുമാനമെടുത്തത്.

നിലവിലെ 1 വർഷ ദൈർഘ്യമുള്ള ബി.എഡ്. കോഴ്സിന് പോലും സർക്കാർ / എയ്ഡഡ് ട്രെയിനിങ് കോളേജുകളിൽ അവസാന അലോട്ട്മെന്റ് കഴിഞ്ഞാലും സീറ്റുകൾ ഒഴിഞ്ഞ്കിടക്കാറുണ്ട്. 2014-15 അദ്ധ്യയന വർഷത്തിൽ 2 റഗുലർ അലോട്ട്മെന്റുകളും ഒരു കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റും എസ്.സി. എസ് റ്റി വിദ്യാർത്ഥികൾക്കുള്ള ഒരു സ്പെഷ്യൽ അലോട്ട്മെന്റും പൊതുവായ ഒരു സ്പോട്ട് അലോട്ട്മെന്റും

നടത്തിയ ശേഷവും സർക്കാർ / എയ്ഡഡ് ട്രെയിനിങ് കോളേജുകളിൽ 150 ഉം സ്വാശ്രയ ട്രെയിനിങ് കോളേജുകളിൽ 3000 ൽ അധികവും സീറ്റുകൾ ഒഴിഞ്ഞ്കിടക്കുന്നതായി 31.01.2015 ലെ B9/2697/2014 നമ്പർ കത്ത് പ്രകാരം എൽ.ബി.എസ്. സെന്റർ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ നിലവിൽ സീറ്റുകളുടെ എണ്ണത്തിലുണ്ടായ കുറവ് വിദ്ധ്യാർത്ഥികളുടെ അവസരം നഷ്ടപ്പെടുത്തുവാൻ സാദ്ധ്യതയില്ല. ആയതിനാൽ സ്വാശ്രയ ബി.എഡ്. കോളേജുകൾക്ക്, വിദ്യർത്ഥികളെ കൂടുതൽ ചൂഷണം ചെയ്യാൻ സർക്കാർ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നില്ല.

S.O